പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6509 — 08/11/2016 -ൽ മറുപടിക്ക്

**പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | ഓരോ നിയോജക മണ്ഡലത്തിലും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതിയതായി ലഭിക്കുന്നത് എന്ന് വിശദമാക്കുമോ? | എ) | ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് മെച്ചപ്പെട്ട ക്ലിനിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ പരിശീലനം നൽകേണ്ട മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ എസ്.എച്ച്.എസ്.ആർ.സി വഴി നടന്നുവരികയാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ ജീവനക്കാരെ നിയമിച്ചും ഘട്ടം ഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടിയും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ